## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7250 11.07.2014-ൽ മറുപടിക്ക്**

**അങ്കമാലി - ആലുവ ദേശീയപാത**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) അങ്കമാലി – ആലുവ ദേശീയ പാതയിലെ അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) & (ബി) & (സി) | ദേശീയപാത 47 ലെ അങ്കമാലി-ആലുവ ഭാഗത്തെ അപാകതകൾ യഥാസമയം ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. ഇതു പരിഹരിക്കേണ്ടത് ദേശീയപാത അതോറിറ്റിയാണ്. |
| (ബി) പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് ദേശീയ പാതാ അധികൃതർ തുക അനുവദിച്ചിട്ടുണ്ടോ ; | | |
| (സി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |
| (ഡി) അങ്കമാലിയിലെ കരിയാട് വളവ് നികത്തുന്ന കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ; | (ഡി) | കരിയാട് വളവ് നിവർത്തുന്നതിന് 800 മീറ്റർ നീളമുള്ള ഒരു പുതിയ റോഡ് നിർമ്മിക്കേണ്ടതായിട്ടുണ്ട്. ആയതിലേയ്ക്കായി 1.68 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതാണ്. ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് ഏകദേശം അഞ്ചു വീടുകൾ ഉണ്ട്. ഈ നിർദ്ദേശം പ്രത്യേകമായി പരിഗണിച്ച് നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. ഈ ആവശ്യത്തിലേയ്ക്കായി ഉണ്ടാകുന്ന ചെലവുകൾ സംസ്ഥാന സർക്കാർ വഹിക്കേണ്ടി വരും എന്ന് ദേശീയപാതാവികസന |

അതോറിറ്റി അറിയിച്ച സാഹചര്യത്തിൽ ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ വഹിക്കേണ്ട ബാധ്യത സംബന്ധിച്ചും ഏറ്റെടുക്കേണ്ട ഭൂമിയുടെ യഥാർത്ഥ വിസ്തൃതി സംബന്ധിച്ചും റിപ്പോർട്ട് സമർപ്പിക്കുവാൻ ദേശീയ പാതാ വികസന അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) അങ്കമാലി ടൗണിലെ ടാറിംഗിലെ അപാകതകളും മോണിംഗ്സ്റ്റാർ, ടെൽക്ക് തുടങ്ങിയ സ്ഥലങ്ങളിലെ വെള്ളക്കെട്ടും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലെ കാലതാമസം വിശദമാക്കാമോ;

(ഇ) അങ്കമാലി ടൗണിലെ അറ്റകുറ്റപ്പണികളും മറ്റു സ്ഥലങ്ങളിലെ വെള്ളക്കെട്ടും പരിഹരിക്കുന്നതിന് യഥാസമയം നടപടി സ്വീകരിച്ച് വരുന്നുണ്ട്.

(എഫ്) കറുകുറ്റിയിൽ ദേശീയ പാതയിലും റെയിൽവേ സ്റ്റേഷൻ പരിസരത്തും അനുഭവപ്പെടുന്ന രൂക്ഷമായ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി ഡ്രെയിനേജ് സംവിധാനം നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

ജി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(എഫ്) & (ജി) ദേശീയപാതയിലെ മഴവെള്ളം ഒഴുകിപ്പോകുന്നതിനായി ആവശ്യമുള്ള ഓട നിർമ്മിച്ചിട്ടുണ്ട്. കറുകുറ്റി ഭാഗത്ത് നിലവിൽ റോഡു പണിയുമായി ബന്ധപ്പെട്ട വെള്ളക്കെട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

(എച്ച്) കരയാംപറമ്പ് ജംഗ്ഷനിൽ വിപുലമായ രീതിയിൽ യുടേൺ ട്രാഫിക് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എച്ച്) അംഗീകരിച്ച ഡ്രോയിംഗ് പ്രകാരം കരയാംപറമ്പ് ജംഗ്ഷനിൽ മീഡിയൻ ഓപ്പണിംഗ് ഇല്ല. എന്നാൽ പൊതുജനങ്ങളുടെ താൽപര്യ പ്രകാരം സിഗ്നൽ സിസ്റ്റത്തോടു കൂടിയ മീഡിയൻ ഓപ്പണിംഗ് സ്ഥാപിച്ചിട്ടുണ്ട്.

(ഐ) സർവ്വീസ് റോഡുകളുടെ പണി പൂർത്തിയാക്കാത്തതിനാൽ ടോൾ പിരിക്കുന്നതിൽ നിന്നും അങ്കമാലി നിവാസികളെ ഒഴിവാക്കു

(ഐ) കേന്ദ്ര നിയമം അനുസരിച്ചും സംസ്ഥാന സർക്കാരും ദേശീയപാത അതോറിറ്റിയും കൺസഷണയർ കമ്പനിയും ചേർന്ന് ഒപ്പുവച്ച സ്റ്റേറ്റ്

| | |
|---|---|
| ന്നതിന് നടപടി സ്വീകരിക്കുമോ ? | സപ്പോർട്ട് എഗ്രിമെന്റ് അനുസരിച്ചമാണ് ടോൾപിരിവ് നടത്തുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് മാത്രമായി തീരുമാനമൊന്നും എടുക്കാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ